പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.470 — 17.05.2017 ൽ മറുപടിയ്ക്ക്

കേന്ദ്ര പ്രൈസ് മോണിറ്ററിംഗ് സെല്ലിന് നല്കുന്ന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.ഉബൈദുള്ള : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വിതരണം ചെയ്യുന്ന നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഇപ്പോൾ എത്ര സാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാമോ; പ്രസ്തുത ലിസ്റ്റിൽ 22 ഇനം മാത്രം ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡം വിശദമാക്കുമോ ; | (എ) | സബ്സിഡി വിലനിലവാരപ്പട്ടികയിൽ അരി ഉൾപ്പെടെ പതിനാറ് ഇനങ്ങളും, 24 ശബരി ഇനങ്ങളിൽ 52 സാധനങ്ങളുമാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. കൂടാതെ പൊതുവിപണിയെക്കാൾ കുറഞ്ഞനിരക്കിൽ ഫ്രീസെയിൽ സബ്സിഡി ഇനങ്ങളിൽ വിതരണം ചെയ്യുന്ന 27 ഇനങ്ങളുടേയും വില ടി പട്ടികയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് പൊതുവെ ആവശ്യകതയുള്ളതും, വിലക്കയറ്റം നിരന്തരം ഉണ്ടാകുന്നതുമായ സാധനങ്ങളാണ് നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം. |
| (ബി) | ഈ ലിസ്റ്റിന് പരിഷ്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഈ ലിസ്റ്റ് പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സംസ്ഥാനം റിപ്പോർട്ട് നൽകുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കോഴിക്കോട് തുടങ്ങിയ ആറ് ജില്ലകളിലെ 22 നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ മൊത്ത വിലകൾ കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സമർപ്പിക്കുന്നു. പാവപ്പെട്ടവർ ആശ്രയിക്കുന്ന വിപണി, ഇടത്തരക്കാർ ആശ്രയിക്കുന്ന വിപണി, ധനികർ ആശ്രയിക്കുന്ന വിപണി എന്നിങ്ങനെ ഓരോ ജില്ലയിലേയും മൂന്ന് സ്ഥലങ്ങളിൽ നിന്നും വില ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നല്കുന്നത് |

സെക്ഷൻ ഓഫീസർ